ക്ലാസ്സ് : 5

**യൂണിറ്റ് സമഗ്രാസൂത്രണം**

യൂണിറ്റ് 2 : ഭക്ഷണവും മനുഷ്യരും
സമയം :15 പീരിയഡ്
പഠന ലക്ഷ്യങ്ങൾ

- മനുഷ്യരുടെ നിലനിൽപ്പിന് അത്യാവശ്യമായ ഘടകങ്ങളിൽ ഒന്നാണ് ഭക്ഷണം എന്ന് തിരിച്ചറിയുന്നതിന്
- ഭക്ഷ്യ വിഭവങ്ങൾ ശേഖരിച്ചിരുന്ന ആദിമമനുഷ്യർ ഭക്ഷ്യോൽപാദനത്തിലേക്ക് എത്തിച്ചേർന്ന സാഹചര്യങ്ങൾ വിശകലനം ചെയ്യുന്നതിന്
- ഓരോ കാലഘട്ടത്തിലെയും ഭക്ഷണത്തിലെ വൈവിധ്യങ്ങൾ തമ്മിൽ താരതമ്യം ചെയ്യുന്നതിന്
- തീയുടെ കണ്ടുപിടുത്തം, സ്ഥിരതാമസമാക്കൽ, മൺപാത്ര നിർമ്മാണം എന്നിവ മനുഷ്യ ചരിത്രത്തിൽ ചെലുത്തിയ സ്വാധീനം തിരിച്ചറിയുന്നതിന്
- ഭക്ഷണകൈമാറ്റം നഗരങ്ങളുടെ രൂപീകരണത്തിലേക്ക് നയിച്ചത് എങ്ങനെയെന്ന് തിരിച്ചറിയുന്നതിന്
- ഭക്ഷണം അമൂല്യമാണെന്ന കാഴ്ചപ്പാട് രൂപീകരിക്കുന്നതിന്
- കൃഷി ,പാചകം എന്നിവയുടെ പ്രാധാന്യം തിരിച്ചറിയുന്നതിന്
- ഭക്ഷണവും ആരോഗ്യവും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു എന്ന് മനസ്സിലാക്കുന്നതിന്



| ആശയങ്ങൾ/ ധാരണകൾ | പഠന പ്രവർത്തനങ്ങൾ | സാമഗ്രികൾ | മൂല്യങ്ങൾ മനോഭാവങ്ങൾ | വിലയിരുത്തൽ പോർട്ട് ഫോളിയോ പ്രക്രിയ, യൂണിറ്റ് വിലയിരുത്തൽ |
|---|---|---|---|---|
| ആദിമ മനുഷ്യരുടെ ഭക്ഷണ സമ്പാദനം | ഭക്ഷ്യശേഖരണം ചിത്ര വിശകലനം കുറിപ്പ് തയ്യാറാക്കൽ | ചിത്രങ്ങൾ | അധ്വാനത്തോടുള്ള ആഭിമുഖ്യം | |
| തീയും ഭക്ഷണവും | തീയുടെ കണ്ടുപിടിത്തം -ചർച്ച ചർച്ചാക്കുറിപ്പ് തയ്യാറാക്കൽ | ഐസിടി | ഭക്ഷണം അമൂല്യമാണെന്ന് മനോഭാവം<br>കാർഷിക സംസ്കാരം | |
| ഭക്ഷ്യോത്പാദനം | കൃഷിയിലേക്ക് നയിച്ച സാഹചര്യങ്ങൾ, മൃഗങ്ങളെ ഇണക്കി വളർത്തൽ -ചർച്ച നദീതടങ്ങളിൽ സ്ഥിരവാസമിറപ്പിക്കാൻ കാരണമായ ഘടകങ്ങൾ കുറിപ്പ് തയ്യാറാക്കൽ | വായന സാമഗ്രി<br>പത്ര കട്ടിങ്ങുകൾ | | |
| ഭക്ഷ്യവസ്തുക്കളുടെ സംഭരണം | ഭക്ഷ്യവസ്തുക്കൾ സംഭരിക്കാനായി ഉപയോഗിച്ചിരുന്ന ഉപകരണങ്ങൾ പട്ടികപ്പെടുത്തൽ ചർച്ചാക്കുറിപ്പ് തയ്യാറാക്കൽ അന്വേഷണക്കുറിപ്പ് തയ്യാറാക്കൽ | പുസ്തകങ്ങൾ | | |
| ഭക്ഷ്യവസ്തുക്കളുടെ കൈമാറ്റം | ഭക്ഷ്യവസ്തുക്കളുടെ കൈമാറ്റം കച്ചവടത്തിലേക്ക് നയിച്ച സാഹചര്യം ചർച്ച ഫ്ലോചാർട്ട് പൂർത്തിയാക്കൽ കൊളാഷ് നിർമ്മാണം വിദൂര ദേശങ്ങൾ തമ്മിലുള്ള കൈമാറ്റങ്ങളുടെ ഫലമായി ഇന്ത്യയിൽ പ്രചാരത്തിൽ വന്ന സുഗന്ധവ്യഞ്ജനങ്ങൾ ഭക്ഷ്യവിഭവങ്ങൾ | റഫറൻസ് | | |

33/44